പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ</u> : 4937 21-10-2011 —ൽ <u>മറുപടി നല്കേണ്ടിയിരുന്നത്</u>

## വ്യവസായ ആവശ്യത്തിന് വാങ്ങുന്ന സ്ഥലം മറിച്ച് വിൽക്കുന്നതിനെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിനുകീഴിൽ പുതുശ്ശേരി വെസ്റ്റ്, സെൻട്രൽ എന്നീ വില്ലേജുകളിലായി എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | പാലക്കാട് ജില്ലയിൽ വ്യവസായവകുപ്പിന് കീഴിൽ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ -134.15 ഏക്കർ സ്ഥലവും പുതുശ്ശേരി സെൻട്രൽ വില്ലേജിൽ -532.80 ഏക്കൽ സ്ഥലവും ഉണ്ട് |
| (ബി) വ്യവസായ സംരംഭകർക്കായി കുറഞ്ഞ നിരക്കിൽ ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളതിൽ ഒരു വർഷത്തിനുള്ളിൽ വ്യവസായം ആരംഭിക്കാൻ കഴിയാത്തത് തിരിച്ചുപിടിക്കുന്നതിനും ന്യായമായ കാരണത്താൽ സമയം നീട്ടിക്കൊടുക്കുന്നതിനും നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ, പൂട്ടിക്കിടക്കുന്നതോ ആയ സ്ഥാപനങ്ങൾ പുതിയ വ്യവസായികൾക്ക് ഏറ്റെടുത്തു നടത്താനുള്ള അനുവാദം ഇപ്പോൾ നൽകുന്നുണ്ടോ; | (സി) | ഉണ്ട് |
| ഡി) ധൻ ഇസ്പാറ്റ് എന്ന സ്ഥാപനത്തിന് അഞ്ചുവർഷം മുമ്പ് 25 ഏക്കർ സ്ഥലം നൽകിയിട്ടുണ്ടോ: എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ എന്തെങ്കിലും വ്യവസായം ആരംഭിച്ചിട്ടുണ്ടോ: എത്ര തവണ സ്ഥാപനം തുടങ്ങുവാനുള്ള സമയപരിധി നീട്ടിക്കൊടുത്തു; | (ഡി) | ധൻ ഇസ്പാറ്റ് എന്ന സ്ഥാപനത്തിന് 23.22 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. വ്യവസായം ആരംഭിച്ചിട്ടില്ല. കഞ്ചിക്കോട് വ്യവസായ മേഖലയിൽ പുതിയ ഇരുമ്പുരുക്ക് വ്യവസായങ്ങൾക്ക് വിലക്കു വന്നതുകാരണംയൂണിറ്റ് ആരംഭിക്കാതെ വന്നതിനാൽ ടി സ്ഥലം 11.01.2007 ൽ തിരിച്ചു പിടിക്കുകയും അതിൽ നിന്ന് 95.40 സെന്റ് സ്ഥലം പുതിയ രണ്ട് സംരംഭകർക്കായി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ കോടതി വിധിയെത്തുടർന്ന് 11.11.2008 -ൽ Resumption Order അസാധുവാക്കുകയും പുതിയ സംരംഭകർക്കായി അനുവദിച്ച 95.40 സെന്റ് സ്ഥലം ഒഴികെയുള്ള സ്ഥലം ധൻ ഇസ്പാറ്റിന് തിരികെ നൽകിയിട്ടുണ്ട്. ഈ സ്ഥലത്ത് മറ്റൊരു പുതിയ യൂണിറ്റ് തുടങ്ങുവാനായി 18.12.2008 ൽ അനുമതി നൽകിയിട്ടുണ്ട് വേറൊരു യൂണിറ്റുകൂടി ആരംഭിക്കുന്നതിന് 11.08.2009 -ൽ വീണ്ടും അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ ഹിയറിംഗ് നടത്തി തീരുമാനിച്ചപ്രകാരം മേൽ |

പ്രോജക്ടിനും തുടങ്ങുവാനുദ്ദേശിക്കുന്ന മറ്റു പുതിയ പ്രോജക്ടുകൾക്കുമായി മൊത്തം 18 ഏക്കർ സ്ഥലം നൽകുകയും ബാക്കിയുള്ള 4.20 ഏക്കർ സ്ഥലം തിരിച്ചു പിടിച്ചിട്ടുള്ളതുമാണ്.

| | | |
|---|---|---|
| ഇ) ഈ സ്ഥാപനത്തിൽ വ്യവസായം തുടങ്ങാൻ നൽകിയ സ്ഥലം മറിച്ചുവിറ്റതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്) പാലക്കാട് ജില്ലയിൽ വ്യവസായം തുടങ്ങുന്നതിനായി സ്ഥലം ആവശ്യപ്പെട്ട് എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എത്രപേർക്ക് സ്ഥലം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ; | എഫ്) | പ്രയോറിറ്റി ലിസ്റ്റ് പ്രകാരം 140 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 7 പേർക്ക് സ്ഥലം നൽകിയിട്ടുണ്ട്. 17 പേർക്ക് സ്ഥലം നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| ജി) വ്യവസായ ആവശ്യത്തിന് സർക്കാരിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് വാങ്ങുന്ന സ്ഥലം കൂടിയ വിലയ്ക്ക് മറ്റു സംരംഭകർക്ക് മറിച്ചു വിൽക്കുന്നുണ്ടെങ്കിൽ അത് തടയാൻ നടപടി സ്വീകരിക്കുമോ; | ജി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |
| എച്ച്) വ്യവസായ ആവശ്യത്തിന് വാങ്ങിയ സ്ഥലം വർഷങ്ങളായി വ്യവസായം നടത്താതെ ഇട്ടിരിക്കുന്നവരിൽ നിന്ന് തിരിച്ചുപിടിച്ച് അപേക്ഷ നൽകിയിട്ടുള്ള പുതിയ സംരംഭകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ? | എച്ച്) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ